പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

2019 ഫെബ്രുവരി 07, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

ചോദ്യം : 2360
ശ്രീ.കെ. ദാസൻ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻ-കാർക്കുമായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിയ്ക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള RFP (Request For Proposals) ഉം തയ്യാറാക്കി ധനകാര്യ വകുപ്പ് വെബ്സൈറ്റിലും www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും (ടെൻഡർ ID 2019_FIN_258705_1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതി പ്രാബല്യത്തിൽ വരികയുള്ളൂ. |
| (ബി) | ഏത് മാസം മുതൽ ഇത് നടപ്പിൽ വരുത്താമെന്നാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ; | |
| (സി) | പദ്ധതി പ്രാവർത്തികമാക്കുന്നതിൽ ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ട് എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ